| 02–06–2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ – ഓർമ്മയിലിരിയ്ക്കൂ എങ്കിൽ ദൂരെയാണെങ്കിലും കൂടെയുണ്ടാകും, ഓർമ്മിയ്ക്കുമ്പോൾ കൂടെയുണ്ട് എന്ന അനുഭവവും ഉണ്ടാകും വികർമ്മവും വിനാശമാകും.**

**ചോദ്യം:–** ദൂരദേശിയായ ബാബ കുട്ടികളെ ദൂരാംദേശി(ദീർഘവീക്ഷണം)യാക്കുന്നതിനു വേണ്ടി ഏതു ജ്ഞാനമാണ് നൽകുന്നത്?

**ഉത്തരം:–** ആത്മാവ് എങ്ങനെയാണ് സൃഷ്ടിചക്രത്തിൽ ഭിന്ന–ഭിന്നമായ വർണ്ണങ്ങളിൽ വരുന്നത്, ഈ ജ്ഞാനം ദൂരാംദേശിയായ ബാബ തന്നെയാണ് നൽകുന്നത്. നിങ്ങൾക്കറിയാം നമ്മൾ ഇപ്പോൾ ബ്രാഹ്മണ വർണ്ണത്തിലാണ്, ജ്ഞാനം കിട്ടുന്നതിനു മുൻപ് ശൂദ്രവർണ്ണത്തിലായിരുന്നു അതിനു മുൻപ് വൈശ്യ...... വർണ്ണത്തിലായിരുന്നു. ദൂരദേശത്തു വസിയ്ക്കുന്ന ബാബ വന്നിട്ട് ഈ ദീർഘവീക്ഷണമുള്ളവരാക്കുന്ന മുഴുവൻ ജ്ഞാനവും കുട്ടികൾക്ക് നൽകുന്നു.

**ഗീതം:–** ആരാണോ പിതാവിനോടൊപ്പം..

**ഓം ശാന്തി**. ആര് ജ്ഞാനസാഗനോടൊപ്പമാണോ അവർക്കാണ് ജ്ഞാനത്തിന്റെ മഴ. നിങ്ങൾ ബാബയുടെ കൂടെയല്ലേ. വിദേശത്താകട്ടെ എവിടെയായിക്കോട്ടേ ബാബയുടെ കൂടെയാണ്. ഓർമ്മിയ്ക്കുന്നുണ്ടല്ലോ. ഓർമ്മിയ്ക്കുന്ന കുട്ടികളെല്ലാം സദാ കൂടെത്തന്നെയാണ്. ഓർമ്മിയ്ക്കുമ്പോൾ കൂടെത്തന്നെയുണ്ടാകും ഒപ്പം വികർമ്മവും വിനാശമാകും പിന്നെ വികർമ്മാജീത്തിന്റെ സംവത്സരം ആരംഭിയ്ക്കുന്നു. പിന്നെ രാവണരാജ്യം ആരംഭിയ്ക്കുമ്പോൾ വിക്രമരാജാവിന്റെ സംവത്സരം ആരംഭിയ്ക്കുന്നു. ഒന്ന് വികർമ്മാജീത്ത്, ഒന്ന് വികർമ്മി. ഇപ്പോൾ നിങ്ങൾ വികർമ്മാജീത്തായി മാറിക്കൊണ്ടിരിയ്ക്കുന്നു. പിന്നെ നിങ്ങൾ വികർമ്മികൾ ആയി മാറും. ഈ സമയത്ത് എല്ലാവരും വളരെയധികം വികർമ്മികളാണ്. ആർക്കും തന്റെ ധർമ്മത്തിനെക്കുറിച്ചറിയില്ല. ഇന്ന് ബാബ ഒരു ചെറിയ ചോദ്യം ചോദിയ്ക്കുകയാണ്– സത്യയുഗത്തിൽ ദേവീ ദേവതകൾക്ക് അറിയാമോ അവർ ആദിസനാതനദേവീദേവതാ ധർമ്മത്തിന്റേതാണ് എന്ന്? ഹിന്ദു ധർമ്മത്തിലെയാണ് നമ്മൾ എന്നു നിങ്ങൾ മനസ്സിലാക്കുന്നതു പോലെ, നമ്മൾ ക്രിസ്ത്യൻ ധർമ്മത്തിന്റേതാണെന്നു മറ്റുള്ളവർ പറയുന്നതു പോലെ ദേവതകളും മനസ്സിലാക്കുന്നുണ്ടാകുമോ അവർ ദേവതാ ധർമ്മത്തിന്റേതാണ് എന്ന്? ചിന്തിയ്ക്കാനുള്ള കാര്യമാണ്. നമ്മൾ ഇന്ന ധർമ്മത്തിലുള്ളവരാണെന്നു പറയുവാൻ അവിടെ മറ്റു ധർമ്മത്തിലുള്ളവരാരും ഇല്ല. ഇവിടെ അനേകം ധർമ്മം ഉണ്ട്. അപ്പോൾ തിരിച്ചറിയുവാൻ വേണ്ടി വേറെ–വേറെ പേരുകൾ വച്ചിരിയ്ക്കുന്നു. അവിടെ ഒരൊറ്റ ധർമ്മം മാത്രം ഉള്ളതു കൊണ്ട് ഞാൻ ഇന്ന ധർമ്മത്തിന്റേതാണ് എന്നു പറയേണ്ട ആവശ്യം വരുന്നില്ല. ഇങ്ങനെയൊരു ധർമ്മം ഉണ്ട്, ഞങ്ങളുടെ രാജധാനിയാണ് ഇതൊന്നും അവർക്കറിയില്ല. നിങ്ങൾക്കിപ്പോൾ അറിയാം നമ്മൾ ആദിസനാതന ദേവീ ദേവതാ ധർമ്മത്തിന്റേതാണ് എന്ന്. ദേവീ ദേവത എന്നു മറ്റാരേയും വിളിയ്ക്കുവാൻ സാധിയ്ക്കില്ല. പതീതമായതു കാരണം സ്വയം ദേവത എന്നു വിളിയ്ക്കുവാൻ സാധിയ്ക്കില്ല. പവിത്രമായവരേയാണ് ദേവത എന്നു വിളിയ്ക്കുന്നത്. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യം ഒന്നും ഇല്ല. ഒരു തരത്തിലുമുള്ള താരതമ്യപ്പെടുത്തൽ ഇല്ല. ഇപ്പോൾ നിങ്ങൾ സംഗമയുഗത്തിലാണ്, നിങ്ങൾക്കറിയാം ആദി സനാതന ദേവീദേവതാ ധർമ്മം വീണ്ടും സ്ഥാപിയ്ക്കപ്പെട്ടു കൊണ്ടിരിയ്ക്കുകയാണ്. അവിടെ ധർമ്മം എന്ന കാര്യം ഇല്ല. ഒരു ധർമ്മമേ ഉള്ളു. മഹാപ്രളയം ഉണ്ടാകും അതായത് ഒന്നും അവശേഷിയ്ക്കില്ല എന്ന കാര്യം തെറ്റാണെന്ന് കുട്ടികൾക്കു മനസ്സിലാക്കി തന്നിട്ടുണ്ട്. ശരി എന്താണ് എന്ന് ബാബ മനസ്സിലാക്കി തരുന്നു. ശാസ്ത്രങ്ങളിൽ ജലമയമായി കാണിയ്ക്കുന്നു. ഭാരതം ഒഴികേ ബാക്കിയെല്ലായിടത്തും വെള്ളം കയറും എന്നു ബാബ മനസ്സിലാക്കി തരുന്നു. ഇത്രയും വലിയ സൃഷ്ടിയെ എന്തു ചെയ്യും? ഒരു ഭാരതത്തിൽ തന്നെ എത്ര ഗ്രാമങ്ങൾ ഉണ്ട് എന്നു നോക്കണം. ആദ്യം വനമായിരിയ്ക്കും പിന്നെ അവിടെ നിന്നും വൃദ്ധിയുണ്ടാകും. സത്യയുഗത്തിൽ നിങ്ങൾ ആദിസനാതന ധർമ്മത്തിലുള്ളവർ മാത്രമേ കാണൂ. ഇക്കാര്യം നിങ്ങൾ ബ്രാഹ്മണരുടെ ബുദ്ധിയിൽ ബാബ ധാരണയാക്കിത്തരുന്നു. ഉയർന്നതിലും ഉയർന്ന ശിവബാബ ആരാണെന്നു നിങ്ങൾക്കിപ്പോൾ അറിയാം. ശിവനെ പൂജിയ്ക്കുന്നതെന്തിനാണ്? എരിക്കിൻ പൂ പോലുള്ള പുഷപം എന്തിനർപ്പിയ്ക്കുന്നു? ശിവൻ നിരാകാരനല്ലേ? പേരിൽ നിന്നും രൂപത്തിൽ നിന്നും വേറിട്ടതാണെന്നു പറയുന്നു. പക്ഷേ പേരിൽ നിന്നും രൂപത്തിൽ നിന്നും വേറിട്ട ഒരു വസ്തുവും ഇല്ല. പിന്നെ ആർക്കാണ് പുഷപങ്ങൾ അർപ്പിയ്ക്കുന്നത്? ഏററവുമാദ്യം പൂജിയ്ക്കുന്നത് ശിവനെയാണ്. ക്ഷേത്രങ്ങൾ പണിയുന്നതും ആദ്യം ശിവന് തന്നെയാണ് കാരണം ഭാരതത്തിലേയും മുഴുവൻ ലോകത്തിലേയും കുട്ടികളുടെ സേവനം ചെയ്യുന്നു. മനുഷ്യരുടെ തന്നെയാണല്ലോ സേവനം ചെയ്യാറുള്ളത്. ഈ സമയത്ത് നിങ്ങൾക്ക് നമ്മൾ ദേവീ ദേവതാധർമ്മത്തിലേതാണ് എന്നു പറയുവാൻ

കഴിയില്ല. നമ്മൾ ദേവതകളായിരുന്നു എന്നു നിങ്ങൾ അറിയുകപോലുമില്ലായിരുന്നു, ഇപ്പോൾ ദേവത ആയിക്കൊണ്ടിരിയ്ക്കുന്നു. ഇപ്പോൾ ബാബ മനസ്സിലാക്കി തരികയാണ് അതിനാൽ മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കണം ബാബയ്ക്കല്ലാതെ മറ്റാർക്കും ഈ ജ്ഞാനം തരുവാൻ സാധിയ്ക്കില്ല. ബാബയെ തന്നെയാണ് ജ്ഞാന സാഗരൻ, നോളേജ്ഫുൾ എന്നു വിളിയ്ക്കുന്നത്. രചയിതാവിനേയും രചനയേയും ഋഷി മുനിമാർക്കു പോലും അറിയില്ലായിരുന്നു എന്നു പറയാറുണ്ട്. അറിയില്ല അറിയില്ല എന്നാണവരും പറഞ്ഞിരുന്നത്. ചെറിയ കുട്ടികൾക്ക് അറിവില്ലല്ലോ? വലുതാകുന്നതിനനുസരിച്ച് ബുദ്ധി വളരും. വിദേശം എവിടെയാണ് ഇത് ഏതു സ്ഥലമാണ് ഇതെല്ലം മനസ്സിലാക്കുവാൻ തുടങ്ങും. നിങ്ങൾ കുട്ടികളും ആദ്യം പരിധിയില്ലാത്ത ജ്ഞാനം അല്പം പോലും അറിയുമായിരുന്നില്ല. ഈ ബ്രഹ്മാവും പറയുകയാണ് ഞാനും ശാസ്ത്രങ്ങളൊക്കെ പഠിച്ചിട്ടുണ്ട് എന്നല്ലാതെ ഒന്നും തന്നെ മനസ്സിലാക്കിയിരുന്നില്ല. ഈ ഡ്രാമയിൽ മനുഷ്യർ തന്നെയാണല്ലോ അഭിനയിക്കുന്നത്.

മുഴുവൻ നാടകവും രണ്ടു കാര്യങ്ങളുടെ ആധാരത്തിലാണ് തയ്യാറാക്കിയിരിയ്ക്കുന്നത്. ഭാരതത്തിന്റെ ജയവും ഭാരതത്തിന്റെ പരാജയവും. ഭാരതത്തിൽ തുടക്കത്തിൽ സത്യയുഗത്തിന്റെ സമയത്ത് പവിത്ര ധർമ്മമായിരുന്നു, ഇപ്പോൾ അപവിത്ര ധർമ്മമാണ്. അപവിത്രരായതു കാരണം സ്വയം ദേവത എന്നു വിളിയ്ക്കുവാൻ സാധിയ്ക്കില്ല, എന്നിരുന്നാലും ശ്രീ ശ്രീ എന്നൊക്കെ പേരു വയ്ക്കുന്നുണ്ട്. പക്ഷേ ശ്രീ എന്നാൽ ശ്രേഷ്ഠം എന്നാണർത്ഥം. പവിത്ര ദേവതകളേയാണ് ശ്രേഷ്ഠർ എന്നു പറയുന്നത്. ശ്രീമത്ത് ഭഗവാനുവാനുച്ച രിച്ചത് എന്നു പറയാറില്ലേ? ഇപ്പോൾ ആരാണ് ശ്രീ? ബാബയുടെ സന്മുഖത്തിരുന്ന് ജ്ഞാനം കേട്ട് ശ്രീ ആകുന്നവരാണോ? അതോ സ്വയം ശ്രീ ശ്രീ എന്നു പറയുന്നവരാണോ? ബാബയുടെ കർത്തവ്യത്തിനനുസരിച്ച് ബാബയ്ക്കു കിട്ടിയിരിക്കുന്ന പേരും തന്റേതാക്കി വച്ചിരിയ്ക്കുകയാണ്. ഇതെല്ലാം നിസ്സാര കാര്യങ്ങളാണ്. എന്നാലും ബാബ പറയുന്നു കുട്ടികളേ ഒരു ബാബയെ ഓർമ്മിയ്ക്കൂ. ഇതാണ് വശീകരണമന്ത്രം. രാവണന്റെ മേൽ വിജയം നേടി നിങ്ങൾ ജഗത്ജീത്താകുന്നു. അടിയ്ക്കടി സ്വയം ആത്മാവാണെന്നു മനസ്സിലാക്കൂ. ഈ ശരീരം 5 തത്വങ്ങളാൽ ഇവിടെ ഉണ്ടാക്കിയതാണ്. തയ്യാറാക്കുന്നു, ഉപേക്ഷിയ്ക്കുന്നു, വീണ്ടും തയ്യാറാക്കുന്നു. ആത്മാവ് അവിനാശിയാണ്. അവിനാശിയായ ആത്മാക്കളെ അവിനാശിയായ ബാബ സംഗമയുഗത്തിൽ പഠിപ്പിയ്ക്കുകയാണ്. എത്ര വിഘ്നങ്ങൾ വന്നാലും മായയുടെ കൊടുങ്കാറ്റ് അടിച്ചാലും നിങ്ങൾ ബാബയെ ഓർമ്മിയ്ക്കൂ. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ തന്നെയാണ് സതോപ്രധാനമായിരുന്നത് പിന്നെ തമോപ്രധാനമായത്. ആദ്യമാദ്യം ഭക്തി ചെയ്തവർ തന്നെയാണ് തീർച്ചയായും ശിവന്റെ ക്ഷേത്രങ്ങൾ പണിതത്. കാരണം അവരായിരിയ്ക്കുമല്ലോ ധനവാന്മാർ. വലിയ രാജാക്കന്മാർ ചെയ്യുന്നതുകണ്ട് മറ്റു രാജക്കന്മാരും പ്രജകളും ചെയ്യുവാൻ തുടങ്ങുന്നു. ഇതെല്ലാം വിശ ദമായ കാര്യങ്ങളാണ്. ഒരു സെക്കന്റിൽ ജീവന്മുക്തി എന്നാണു പറയുന്നത്. എന്നാൽ മനസ്സിലാക്കി തരുവാൻ എത്രയോ വർഷങ്ങൾ എടുക്കുന്നു. ജ്ഞാനം സഹജമായതുകൊണ്ട് ഓർമ്മയുടെ യാത്രയ്ക്കുവേണ്ട അത്രയും സമയം ജ്ഞാനത്തിനു എടുക്കുന്നില്ല. ബാബാ വരൂ, വന്ന് ഞങ്ങളെ പതീതത്തിൽ നിന്നും പാവനമാക്കൂ എന്നു പറഞ്ഞു വിളിയ്ക്കുന്നു. ബാബ നമ്മളെ വിശ്വത്തിന്റെ അധികാരിയാക്കൂ എന്നു പറഞ്ഞു വിളിയ്ക്കുന്നില്ല. സർവ്വരും പറയുന്നത് പതീതത്തിൽ നിന്നും പാവനമാക്കൂ എന്നാണ്. സത്യയുഗത്തിനെ പാവനരാജ്യം എന്നു വിളിയ്ക്കുന്നു. ഈ ലോകത്തിനെ പതീത ലോകം എന്നു പറയുന്നു. ലോകം പതീതം എന്നു പറയുന്നതല്ലാതെ സ്വയം പതീതമാണെന്നു മനസ്സിലാക്കുന്നില്ല. അവനവനെപ്രതി വെറുപ്പൊന്നും വരുന്നില്ല. നിങ്ങൾ മറ്റുള്ളവർ ഉണ്ടാക്കിയ ആഹാരം കഴിയ്ക്കാതിരിയ്ക്കുമ്പോൾ അവർ ചോദിയ്ക്കും എന്താ ഞങ്ങൾ തൊട്ടുകൂടാത്തവരാണോ? ഹേയ്, നിങ്ങൾ സ്വയം തന്നെ പറയുകയല്ലേ? സർവ്വരും പതീതമാണല്ലോ? നിങ്ങൾ പറയുന്നു നമ്മൾ പതീതരാണെന്ന്, ഈ ദേവതകൾ പാവനമാണ്. എങ്കിൽ പതീതരെ എന്തു വിളിയ്ക്കും? അമൃത് ഉപേക്ഷിച്ച് വിഷം കഴിച്ചു എന്നു പറയാറില്ലേ? വിഷം നല്ലതല്ലല്ലോ? ബാബ പറയുന്നു ഈ വിഷം നിങ്ങൾക്ക് ആദി മധ്യ അന്ത്യം ദു:ഖം തരുന്നു എന്ന്. പക്ഷെ ഇത് വിഷം ആണെന്നു മനസ്സിലാക്കുന്നില്ല. മദ്യപാനിയ്ക്ക് മദ്യം കൂടാതെ ജീവിയ്ക്കുവാൻ പറ്റില്ല. യുദ്ധസമയത്ത് അവരെ മദ്യം കഴിപ്പിച്ച് ലഹരിയുള്ളവരാക്കി യുദ്ധത്തിനയയ്ക്കുന്നു. ലഹരി കിട്ടിയാൽ മതി മനസ്സിലായിക്കോളും നമുക്ക് ഇങ്ങനെയൊക്കെ ചെയ്യണം. അവർക്ക് മരണഭയം ഉണ്ടായിരിയ്ക്കില്ല. ബോംബും കൊണ്ട് എവിടെയെങ്കിലും കൊണ്ട്പോയി ബോംബ് സഹിതം വീഴുന്നു. മിസൈലുകളാൽ യുദ്ധം നടന്നതായി പറയുന്നു. ശരിയായ കാര്യം നിങ്ങളിപ്പോൾ പ്രാക്ടിക്കലിൽ കാണുകയാണ്. മുൻപ് കേവലം വായിക്കുമായിരുന്നു വയറിൽ നിന്നും മുസലം പുറത്തു വന്നു അങ്ങനെയിങ്ങനെയൊക്കെ ചെയ്തു എന്ന്. പാണ്ഡവർ ആരാണ്, കൗരവർ ആരാണ് എന്നു നിങ്ങളിപ്പോൾ മനസ്സിലാക്കുന്നുണ്ട്. സ്വർഗവാസിയാകുന്നതിനു വേണ്ടി പാണ്ഡവർ ജീവിച്ചിരുന്നുകൊണ്ട് ദേഹാഭിമാനം കത്തിച്ചുകളയാനുള്ള പുരുഷാർത്ഥം ചെയ്തു. ഈ പഴയ ചെരുപ്പ്(ശരീരം) ഉപേക്ഷിയ്ക്കുവാനുള്ള പുരുഷാർത്ഥം നിങ്ങളിപ്പോൾ ചെയ്യുന്നു. പഴയ ചെരുപ്പ് കളഞ്ഞ് പുതിയതെടുക്കണം എന്നു പറയാറില്ലേ? ബാബ കുട്ടികൾക്കു തന്നെയാണ് മനസ്സിലാക്കി തരുന്നത്. ഞാൻ കല്പ- കല്പം വരുന്നു എന്നു ബാബ പറയുന്നു. എന്റെ പേര് ശിവൻ എന്നാണ്. ശിവജയന്തിയും

ആഘോഷിയ്ക്കുന്നുണ്ട്. ഭക്തീ മാർഗത്തിൽ എത്രമാത്രം ക്ഷേത്രങ്ങൾ പണിയുന്നു. ഒരുപാടു പേരുകളും കൊടുത്തിട്ടുണ്ട്. ദേവിമാർക്കും അങ്ങനെയുള്ള പേരു കൊടുത്തിട്ടുണ്ട്. ഈ സമയത്ത് നിങ്ങളെ പൂജിച്ചുകൊണ്ടിരിയ്ക്കുന്നു. നമ്മൾ ആരെ പൂജിച്ചിരുന്നുവോ ആ ആൾ നമ്മളെ പഠിപ്പിച്ചുകൊണ്ടിരിയ്ക്കുകയാണ് എന്ന് നിങ്ങൾ കുട്ടികൾക്കിപ്പോൾ അറിയാം. ലക്ഷ്മീ നാരയണൻെറ പൂജാരികളായിരുന്ന നമ്മൾ, ഇപ്പോൾ നമ്മൾ ലക്ഷ്മീ–നാരയണൻ ആകുകയാണ്. ബുദ്ധിയിൽ ഈ ജ്ഞാനം ഉണ്ട്, ഓർത്തുകൊണ്ടേയിരിയ്ക്കൂ എന്നിട്ട് മറ്റുള്ളവരേയും കേൾപ്പിയ്ക്കൂ. ധാരണ ചെയ്യാത്ത ഒരുപാടു പേർ ഉണ്ട്. ബാബ പറയുന്നു ഒരുപാടു ധാരണ ചെയ്യുവാൻ സാധിയ്ക്കുന്നില്ലെങ്കിലും കുഴപ്പമില്ല. ഓർമ്മയുടെ കാര്യം ധാരണ ചെയ്യുവാൻ സാധിയ്ക്കുമല്ലോ? ബാബയെത്തന്നെ ഓർമ്മിച്ചുകൊണ്ടിരിയ്ക്കൂ. മുരളി വായിയ്ക്കുവാൻ അറിയാത്തവർ ഇവിടെയിരുന്ന് ബാബയെ ഓർമ്മിയ്ക്കൂ. ഇവിടെ ബന്ധനമോ, വേറേ ബഹളമോ ഇല്ല. വീട്ടിലാണെങ്കിൽ പേരക്കുട്ടികളുടെയൊക്കെ അന്തരീക്ഷത്തിൽ ലഹരി അപ്രത്യക്ഷമാകും. ഇവിടെ ചിത്രവും വച്ചിട്ടുണ്ട്. ആർക്കും മനസ്സിലാക്കി കൊടുക്കുവാൻ എളുപ്പമാണ്. അവർ ഗീത പൂർണ്ണമായും കാണാപാഠം പറയുന്നു. സിഖ്കാർക്കും ഗ്രന്ഥം മന:പാഠമാണ്. നിങ്ങളെന്താണ് മന:പാഠമാക്കേണ്ടത്? ബാബയെ. നിങ്ങൾ പറയുന്നുമുണ്ട് ബാബ എന്ന്, ഇത് തീർത്തും പുതിയ കാര്യമാണ്. സ്വയം ആത്മാവാണെന്നു മനസ്സിലാക്കി ഒരു ബാബയെ മാത്രം ഓർമ്മിയ്ക്കുന്ന സമയം ഇതൊന്നു മാത്രമേ ഉള്ളു. 5000 വർഷങ്ങൾക്കു മുൻപും ഇതു പഠിപ്പിച്ചതാണ്. ഇങ്ങനെ മനസ്സിലാക്കി തരുവാൻ മറ്റാർക്കും ശക്തിയില്ല, ജ്ഞാനസാഗരൻ ഒരേ ഒരു ബാബയാണ്. മാററാർക്കും ആകുവാൻ സാധിയ്ക്കില്ല. ജ്ഞാനസാഗരനായ ബാബ തന്നെയാണ് നിങ്ങൾക്കു മനസ്സിലാക്കി തരുന്നത്. ഞങ്ങളും അവതാരമണെന്നു പറഞ്ഞു നടക്കുന്നവർ ഇന്നത്തെക്കാലത്ത് ഒരുപാടുണ്ട്. അതുകൊണ്ട് സത്യം സ്ഥാപിയ്ക്കുന്നതിൽ ഒരുപാടു വിഘ്നം വരും. പക്ഷേ പറയാറുണ്ട് സത്യത്തിന്റെ തോണി ആടും ഉലയും പക്ഷേ മുങ്ങില്ല.

ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയുടെ അടുത്ത് വന്നിരിക്കുന്നതിനാൽ നിങ്ങൾക്ക് ഹൃദയത്തിൽ എത്ര സന്തോഷമുണ്ടായിരിക്കണം. മുമ്പ് തീർത്ഥ യാത്ര എത്ര ചെയ്തിരുന്നു, അപ്പോൾ ഹൃദയത്തിൽ എന്താണ് വന്നിരുന്നത്? ഇപ്പോൾ വീട് ഉപേക്ഷിച്ച് ഇവിടെ വന്നപ്പോൾ എന്ത് ചിന്ത വരുന്നു ? നമ്മൾ ബാപ്ദാദയുടെ അടുത്തേയ്ക്ക് പോകുന്നു. ബാബ ഇതും മനസ്സിലാക്കി തന്നു ബാബയെ കേവലം ശിവബാബായെന്ന് പറയുന്നു, ബാബ ആരിലാണോ പ്രവേശിക്കുന്നത് അതാണ് ബ്രഹ്മാവ്. തീർച്ചയായും സംബന്ധമുണ്ടല്ലോ. ആദ്യമാദ്യം ബ്രാഹ്മണരുടെ സംബന്ധം, പിന്നീട് ദേവതമാരുടെ സംബന്ധം. ഇപ്പോൾ ദൂരദേശിയായ ബാബ കുട്ടികളെ ദൂരാംദേശി(ദീർഘദൃഷ്ടി)യാക്കുന്നു. നമ്മൾ അറിയുന്നു ആത്മാവ് എങ്ങനെയാണ് മുഴുവൻ ചക്രത്തിൽ ഭിന്ന – ഭിന്ന വർണ്ണത്തിൽ വരുന്നു, ഇതിന്റെ ജ്ഞാനം ദൂരാംദേശിയായ ബാബ തന്നെയാണ് നൽകുന്നത്. നിങ്ങൾ ചിന്തിക്കൂ ഇപ്പോൾ നമ്മൾ ബ്രാഹ്മണ വർണ്ണത്തിലാണ്, ഇതിന് മുമ്പ് എപ്പോൾ ജ്ഞാനം ഇല്ലായിരുന്നുവോ അപ്പോൾ ശൂദ്ര വർണ്ണമായിരുന്നു. നമ്മുടേത് ഗ്രേററ് ഗ്രേററ് ഗ്രാന്റ്ഫാദറാണ്. ഗ്രേററ് ശൂദ്രർ, ഗ്രേററ് വൈശ്യർ, ഗ്രേററ് ക്ഷത്രിയർ,............ അതിന് മുമ്പ് ഗ്രേററ് ബ്രാഹ്മണരായിരുന്നു. ഇപ്പോൾ ഈ കാര്യങ്ങൾ ബാബയ്ക്കല്ലാതെ വേറാർക്കും മനസ്സിലാക്കി തരുവാൻ കഴിയില്ല. ഇതിനെയാണ് പറയുന്നത് ദൂരദേശത്തെ ജ്ഞാനം. ദൂരദേശത്ത് വസിക്കുന്ന ബാബ വന്ന് കുട്ടികൾക്ക് ദൂരദേശത്തെ മുഴുവൻ ജ്ഞാനവും നൽകുന്നു. നമ്മൾ അറിയുന്നു നമ്മുടെ ബാബ ദൂരദേശത്ത് നിന്ന് ഇവിടെ വന്നിരിക്കുന്നു. ഇത് അന്യ ദേശം, അന്യ രാജ്യം. ശിവബാബയ്ക്ക് തന്റെ ശരീരം ഇല്ല, ബാബ ജ്ഞാന സാഗരനാണ്, സ്വർഗ രാജ്യവും ആ ബാബ നൽകുന്നു. കൃഷ്ണൻ നൽകുന്നതേയില്ല. ശിവബാബ തന്നെയാണ് നൽകുന്നത്. കൃഷ്ണനെ അച്ഛൻ എന്നും പറയില്ല. ബാബ രാജ്യം നൽകുന്നു, ബാബയിൽ നിന്ന് സമ്പത്ത് ലഭിക്കുന്നു. ഇപ്പോൾ പരിധിയുള്ള സമ്പത്ത് എല്ലാം പൂർത്തിയായി. സത്യയുഗത്തിൽ നമ്മൾക്ക് ഇതും അറിയില്ല, അതായത് നമ്മൾ സംഗമത്തിൽ 21 – ജന്മത്തേയ്ക്കുള്ള സമ്പത്ത് നേടി. ഇതും ഇപ്പോൾ അറിയുന്നു നമ്മൾ 21 – ജന്മത്തേയ്ക്ക് സമ്പത്ത്, അരകല്പത്തേയ്ക്ക് നേടികൊണ്ടിരിക്കുന്നു. 21 – തലമുറ അർത്ഥം സമ്പൂർണ്ണ ആയുസ്സ്. എപ്പോൾ ശരീരം വയസ്സാകുന്നു, സമയമാകുമ്പോൾ ശരീരം ഉപേക്ഷിക്കും. ഏതുപോലെ സർപ്പം പഴയ തോലുപേക്ഷിച്ച് പുതിയത് എടുക്കുന്നു. നമ്മളും പാർട്ട് അഭിനയിച്ച് – അഭിനയിച്ച് ഈ ശരീരം പഴയതായി.

നിങ്ങൾ സത്യ – സത്യമായ ബ്രാഹ്മണരാണ്. നിങ്ങളെ തന്നെയാണ് ഭ്രമരിയെന്നും പറയുന്നത്. നിങ്ങൾ കീടങ്ങളെ തനിക്കു സമാനം ബ്രാഹ്മണനാക്കുന്നു. നിങ്ങളോട് പറയുകയാണ് കീടങ്ങളെ കൊണ്ടുവന്ന് ഭൂം – ഭൂം ചെയ്യൂ. ഭ്രമരിയും ഭൂം – ഭൂം ചെയ്യുന്നു, പക്ഷേ ചിലതിന് ചിറക് വരുന്നു, ചിലത് ചത്തു പോകുന്നു. ഉദാഹരണമെല്ലാം ഇപ്പോഴത്തേതാണ്. നിങ്ങൾ പ്രിയപ്പെട്ട കുട്ടികളാണ്, കുട്ടികൾ തന്നെയാണ് കണ്ണിലെ കൃഷ്ണമണി. ബാബ പറയുന്നു കണ്ണിലെ കൃഷ്ണമണി. നിങ്ങളെ ബാബയുടേതാക്കി, അപ്പോൾ നിങ്ങൾ

ബാബയുടേതാണല്ലോ. അങ്ങനെയുള്ള ബാബയെ എത്ര ഓർമ്മിക്കുന്നുവോ അത്രയും പാപം ഇല്ലാതാകും. മററാരെയെങ്കിലും ഓർമ്മിക്കുന്നതിലൂടെ പാപം നശിക്കില്ല. ശരി.

വളരെക്കാലത്തെ വേർപ്പാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കായുള്ള മുഖ്യ സാരം :-**

1) ജീവിച്ചിരിക്കെ ദേഹ-അഭിമാനത്തെ എരിക്കുന്ന പുരുഷാർത്ഥം ചെയ്യണം. ഈ പഴയ ചെരിപ്പിനോട് അല്പം പോലും മമത്വം വയ്ക്കരുത്.

2) സത്യമായ ബ്രാഹ്മണനായി കീടങ്ങളിൽ ജ്ഞാനത്തിന്റെ ഭൂം-ഭൂം ചെയ്ത് അവരെ തനിക്കു സമാനം ബ്രാഹ്മണരാക്കണം.

## വരദാനം:- അമൃതവേളയുടെ മഹത്വത്തെ അറിഞ്ഞ് തുറന്ന ഭണ്ഡാരത്തിൽ നിന്ന് തങ്ങളുടെ സഞ്ചി നിറക്കുന്ന ഭാഗ്യശാലികളായി ഭവിക്കട്ടെ.

അമൃതവേളയിൽ വരദാതാ, ഭാഗ്യവിധാതാവിൽ നിന്ന് ഭാഗ്യത്തിന്റെ രേഖ എത്രത്തോളം നീട്ടുവാൻ ആഗ്രഹിക്കുന്നുവോ അത്രയും നീട്ടിക്കോളൂ, എന്തുകൊണ്ടെന്നാൽ ആ സമയത്ത് നിഷ്കളങ്കനായ ഭഗവാന്റെ രൂപത്തിൽ ലൗഫുള്ളാണ്, അതിനാൽ അധികാരിയാകൂ, അധികാരം നേടൂ. ഖജനാവിന് യാതൊരു പൂട്ടും താക്കോലുമില്ല. ആ സമയത്ത് കേവലം മായയുടെ ഒഴിവ്-കഴിവുകൾ ഉപേക്ഷിച്ച് ഒരു സങ്കൽപം ചെയ്യൂ അതായത് എന്ത്തന്നെയാണോ, എങ്ങനെയുള്ളതാണോ അങ്ങയുടേതാണ്. മനസ്സും ബുദ്ധിയും ബാബക്ക് കൈമാറ്റം ചെയ്ത് സിംഹാസനധാരിയാകൂ എങ്കിൽ ബാബയുടെ ഖജനാവുകളും തന്റേതെന്ന അനുഭവമുണ്ടാകും.

## സ്ലോഗൻ:- സേവനത്തിൽ അഥവാ സ്വാർത്ഥത കലർന്നിട്ടുണ്ടെങ്കിൽ സഫലതയും കലർപ്പുള്ളതായിരിക്കും, അതിനാൽ നിസ്വാർത്ഥ സേവാധാരിയാകൂ.

**അവ്യക്ത സൂചന- ആത്മീയ സ്ഥിതിയിൽ ഇരിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ.**
ആത്മാഭിമാനിയാകാനുള്ള പുരുഷാർത്ഥിയല്ലാത്ത ഏതൊരു ബ്രാഹ്മണനും ഉണ്ടായിരിക്കില്ല. എന്നാൽ നിരന്തരം ആത്മാ അഭിമാനി, ഏതിലൂടെയാണോ കർമ്മേന്ദ്രിയങ്ങളുടെ മേൽ സമ്പൂർണ്ണ വിജയം പ്രാപ്തമാകുന്നത്, എല്ലാ കർമ്മേന്ദ്രിയങ്ങളും സതോപ്രധാന സ്വച്ഛമാകുന്നത്, ദേഹത്തിന്റെ പഴയ സംസ്കാരങ്ങളിൽ നിന്നും സംബന്ധങ്ങളിൽ നിന്നും സമ്പൂർണ്ണ മർജീവയാകുന്നത്, അതിന് വേണ്ടി അന്തർമുഖിയാകൂ, ഈ പുരുഷാർത്ഥത്തിൽക്കൂടിത്തന്നെയാണ് നമ്പർ കിട്ടുന്നത്.